**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2431** **30-09-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ വകുപ്പിൽ പൊതു സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ സാമ്പത്തിക ക്രമക്കേടിന്റെ പേരിൽ ഈ വർഷം എത്ര ജീവനക്കാരെ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നറിയിക്കുമോ; അവരുടെ വിശദവിവരങ്ങൾ അറിയിക്കാമോ; പ്രസ്തുത ജീവനക്കാർ ക്രമക്കേട് നടത്തിയ ഓഫീസിൽ എത്ര നാൾ ജോലി ചെയ്തിട്ടുണ്ടെന്നറിയിക്കുമോ; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ സാമ്പത്തിക ക്രമക്കേടിന്റെ പേരിൽ ഈ വർഷം 16 ജീവനക്കാരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.<br><br>1)ശ്രീ.ജയേഷ്.ജെ.പി- ഓവർസിയർ (ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി ) കൈക്കൂലി വാങ്ങിയതിനെത്തുടർന്ന് വിജിലൻസ് അറസ്റ്റ് ചെയ്തു. 15.07.25-ലെ GO(Rt)1834/2025/LSGD പ്രകാരം ടിയാനെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.<br><br>2) ശ്രീ.പത്രോസ്.Y, ഓവർസിയർ, തിരുവനന്തപുരം കോർപ്പറേഷൻ ,കൈക്കൂലി വാങ്ങിയതിനെത്തുടർന്ന് വിജിലൻസ് അറസ്റ്റ് ചെയ്തു. 20.05.25-ലെ GO(Rt)1220/2025/LSGD പ്രകാരം ടിയാനെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.<br><br>3) ശ്രീ.ധനേഷ്.സി.എസ് (PEN:827983) പാലക്കാട് പുതുശ്ശേരി ഗ്രാമപഞ്ചായത്ത്, കൈക്കൂലി വാങ്ങിയതിനെത്തുടർന്ന് വിജിലൻസ് അറസ്റ്റ് ചെയ്തു. 09.06.25-ലെ GO(Rt)1422/2025/LSGD പ്രകാരം ടിയാനെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.<br><br>4) ശ്രീമതി.സ്വപ്ന BI,കൊച്ചി കോർപ്പറേഷൻ, 20.05.25-ലെ GO(Rt)1233/2025/LSGD പ്രകാരം ടിയാനെ സസ്പെൻഡ് ചെയ്തിട്ടുണ്ട്.<br><br>5) ശ്രീ.സുഭാഷ്.എം.കെ,ചാലക്കുടി മുനിസിപ്പാലിറ്റിയിൽ AEE ആയിരിക്കെ പുതുക്കുളം നവീകരണവുമായി ബന്ധപ്പെട്ട് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയതിനെ തുടർന്ന് 10.01.25-ലെ GO(Rt)111/2025/LSGD പ്രകാരം ടിയാനെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. |

6) പത്തംതിട്ട നഗരസഭയിലെ സീനിയർ ക്ലർക്കായ ശ്രീ. പ്രദീപ് കുമാർ പി.എൻ - നെ പണാപഹരണവുമായി ബന്ധപ്പെട്ട് അന്വേഷണവിധേയമായി സർവ്വീസിൽ നിന്നും 03.07.2025-ൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ടി ജീവനക്കാരൻ 1 വർഷവും 11 മാസവും 20 ദിവസവും പ്രസ്തുത ഓഫീസിൽ ജോലി ചെയ്തിട്ടുണ്ട്.

7.)ശ്രീ.ബിനോയ് പി.ബി., അസിസ്റ്റന്റ് സെക്രട്ടറി, ഇടുക്കി, നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിലെ സേവനകാലയളവിൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ടിയാൻ 1 വർഷം 3 മാസം സീനിയർ ക്ലർക്കായും 1 വർഷം 3 മാസം അക്കൗണ്ടന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

8.) കോട്ടയം ജില്ലയിലെ രാമപുരം ഗ്രാമപ്പഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ ഒടുക്കിയതിൽ ക്രമക്കേട് സംബന്ധിച്ച വിഷയത്തിൽ സീനിയർ ക്ലർക്ക് ശ്രീമതി. ജമുന ജേക്കബിനെ 10/01/2025-ൽ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. ശ്രീമതി. ജമുന ജേക്കബ് 28.02.2025-ൽ സർവ്വീസിൽ നിന്ന് വിരമിച്ചു. ടി ജീവനക്കാരി 3 വർഷവും 7 മാസവും പ്രസ്തുത ഓഫീസിൽ ജോലി ചെയ്തിട്ടുണ്ട്.

9.)ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.ബനേഷ്ഖാൻ-നെ 19/06/2025-ന് സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതും ടിയാൻ 9 മാസവും 21 ദിവസവും ടി ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിട്ടുള്ളതുമാണ്.

10.) മലപ്പുറം എടവണ്ണ ഗ്രാമപഞ്ചായത്തിൽ ശ്രീ.സതീഷ് കുമാർ എം.എ, സീനിയർ ക്ലർക്കിനെ രസീതിൽ കൃത്രിമം കാണിച്ച് പണാപഹരണം നടത്തിയതുമായി ബന്ധപ്പെട്ട് 11/03/2025 തീയതിയിൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. എൽ.ഡി ക്ലർക്ക് തസ്തികയിൽ 03/02/2014 മുതൽ 05/02/2020 തീയതി വരെയും സീനിയർ ക്ലർക്ക് തസ്തികയിൽ 10/07/2020 മുതൽ 10/11/2021 വരെയും 08/07/2023 മുതൽ 18/04/2024 വരെയും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

11.) പാലക്കാട് ജില്ലയിലെ മുതലമട ഗ്രാമപഞ്ചായത്ത് വി.ഇ.ഒ ശ്രീ. ശിവപ്രസാദ്-നെ ടി പഞ്ചായത്തിലെ പദ്ധതിപണം മതിയായ രേഖകൾ ഇല്ലാതെ പിൻവലിച്ച് സാമ്പത്തിക ക്രമക്കേട് നടത്തിയ വിഷയത്തിൽ 31/05/2025 തീയതിയിൽ സസ്പെൻഡ്

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. ടിയാൻ 4 വർഷത്തോളം ടി ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിട്ടുണ്ട്.<br><br>12.) തൃശ്ശൂർ ജില്ലയിലെ മണ്ണുത്തി വികസന പരിശീലന കേന്ദ്രത്തിൽ ട്രെയിനിംഗ് സെക്ഷൻ കൈകാര്യം ചെയ്യുന്ന സീനിയർ ക്ലർക്ക് ശ്രീ.രാമദാസ് സി.എൻ. കൃത്രിമരേഖകൾ ചമച്ചും, ഓഫീസ് മോധാവിയുടെ വ്യാജ ഒപ്പ് ഉപയോഗിച്ചും ടിയാന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കുട്ടനല്ലൂർ ബ്രാഞ്ചിലുള്ള അക്കൗണ്ടിലേയ്ക്ക് ട്രെയിനിംഗ് ഫണ്ട് പലതവണകളായി ട്രാൻസ്ഫർ ചെയ്തത് സംബന്ധിച്ച വിഷയത്തിൽ ടിയാനെ 03-09-2025 തീയതിയിൽ സസ്പെൻഡ് ചെയ്തിട്ടുണ്ട്. 5വർഷത്തോളം മണ്ണുത്തി വികസന പരിശീലന കേന്ദ്രത്തിൽ ജോലി ചെയ്തതായി അന്വേഷണത്തിൽ ലഭ്യമായിട്ടുണ്ട്.<br><br>13.) സാമ്പത്തിക ക്രമക്കേടിന്റെ പേരിൽ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിലെ സെക്രട്ടറിയായ ശ്രീ.അഷീഷ്.ജി.എസ്-നെ 26.06.2025 തീയതിയിൽ സേവനത്തിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിൽ സേവനത്തിലിരുന്ന തീയതി - 04.09.2023 മുതൽ സസ്പെൻഷൻ തീയതി വരെയാണ് .<br><br>14.) പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമ പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് കളക്ഷൻ തുകയായ 12,500/- രൂപ ബാങ്ക് അക്കൗണ്ടിൽ വരവ് വയ്ക്കാതെ ക്രമക്കേട് നടത്തിയ വിഷയത്തിൽ ക്ലർക്ക് ശ്രീ.വി.ഡി ശ്രീകുമാറിനെ 11/07/2025 തീയതി പ്രാബല്യത്തിൽ പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടർ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ടിയാൻ 2 വർഷത്തോളമായി ടി പഞ്ചായത്തിൽ ജോലി ചെയ്തു വരുന്നു.<br><br>15.)ശ്രീ.അനീഷ്.വി.രാജൻ, ക്ലർക്ക്, വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് (വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്തിട്ടുണ്ട്.). 25.09.2020 മുതൽ 22.11.2024 വരെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.<br><br>16.)ശ്രീ.കെൻസി ജോൺസൺ, ക്ലർക്ക്, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്, 17/06/2022 മുതൽ 07/04/2025 വരെ ടി ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. |
| (ബി) | ജീവനക്കാർ ഒരു ഓഫീസിൽ തന്നെ കൂടുതൽ വർഷങ്ങൾ ജോലി ചെയ്യുന്നത് ഇത്തരം സാമ്പത്തിക | (ബി) | നിലവിൽ പൊതുസ്ഥലം മാറ്റ മാനദണ്ഡങ്ങൾ പ്രകാരം ഒരു ഓഫീസിൽ നിലവിലെ കാറ്റഗറി/ |

| | | | |
|---|---|---|---|
| | ക്രമക്കേട് നടത്തുന്നതിന് സഹായകരമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | | തസ്തികയിൽ മൂന്നു വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുള്ള ജീവനക്കാരെ നിർബന്ധമായും സ്ഥലംമാറ്റി നിയമിക്കുന്നുണ്ട്. |
| (സി) | തദ്ദേശ സ്വയംഭരണ വകുപ്പിൽ മൂന്നു മുതൽ അഞ്ച് വർഷംവരെ ഒരു സ്റ്റേഷനിൽ ജോലി ചെയ്ത ജീവനക്കാരെ പൊതു സ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഏതു വിഭാഗം ജീവനക്കാരെയാണ് ഇപ്രകാരം ഒഴിവാക്കിയിട്ടുള്ളതെന്നും ഇവരെ ഒഴിവാക്കിയത് എന്തുകൊണ്ടാണെന്നും അറിയിക്കുമോ; | (സി) | ഉണ്ട്. അസിസ്റ്റന്റ് സെറികൾച്ചർ ഓഫീസർമാർ, എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളിലെ ലക്ചർ വിഭാഗം ജീവനക്കാർ, വെറ്റിനറി സർജൻസ് എന്നിവരെ 29.04.2025 തീയതിയിലെ സ.ഉ. (സാധാ) നം.1081/2025/LSGD നമ്പർ ഉത്തരവ് പ്രകാരം മൂന്ന് വർഷത്തെ നിർബന്ധിത സ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കി, അപേക്ഷിക്കുന്ന മുറയ്ക്ക് ഒഴിവ് കണക്കാക്കി മാത്രം സ്ഥലംമാറ്റം നടത്തേണ്ടതാണെന്ന് ഉത്തരവായിട്ടുള്ളതാണ്. കൂടാതെ എച്ച്ഡിവി ഡ്രൈവർ തസ്തികയിലെ ജീവനക്കാരെയും 23.05.2025 തീയതിയിലെ സ.ഉ. (സാധാ) നം.1272/2025/LSGD നമ്പർ ഉത്തരവ് പ്രകാരം 2025 ഓൺലൈൻ പൊതു സ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. മേൽ ജീവനക്കാരുടെ ജോലി സ്വഭാവത്തിലെ പ്രത്യേകത പരിഗണിച്ചും, നാമമാത്രമായ തസ്തികളാണ് നിലവിലുള്ളത് എന്നത് പരിഗണിച്ചും, ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ലഭിച്ച അപേക്ഷകൾ പരിഗണിച്ചുമാണ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ പരിശോധിച്ച്, മേൽജീവനക്കാരെ ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് . |
| (ഡി) | ഈ വിഭാഗം ജീവനക്കാർ നിർബന്ധിത പൊതു സ്ഥലംമാറ്റത്തിൽ നിന്ന് ഒഴിവാക്കുന്നതിനു അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് നൽകുമോ; പൊതു സ്ഥലംമാറ്റം എല്ലാ വിഭാഗം ജീവനക്കാർക്കും ബാധകമാക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | പൊതുസ്ഥലം മാറ്റത്തിൽ നിന്ന് ഒഴിവാക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷകൾ അനുബന്ധമായി ചേർക്കുന്നു. മേൽവിഭാഗം ജീവനക്കാരെയും പൊതുസ്ഥലംമാറ്റത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതു സംബന്ധിച്ചുള്ള വിഷയം നിലവിൽ പരിഗണനയിലില്ല . |

സെക്ഷൻ ഓഫീസർ

പ്രേഷകർ

അനികുമാർ.എസ്
ഗ്രേഡ് I[st] HDV
തിരുവനന്തപുരം നഗരസഭ

**സ്വീകർത്താവ്**

പ്രിൻസിപ്പൽ ഡയറക്ടർ
(ജോയിന്റ് ഡയറക്ടർ മുഖേന)
തദ്ദേശ സ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ

തിരുവനന്തപുരം നഗരസഭ സെക്രട്ടറി മുഖാന്തിരം

സൂചന : 1. സ.ഉ.(കൈ) നം. 79/2023/ തസ്വഭവ തീയതി 22.03.2023
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 29.02.2024 ലെ LSGD/PD/6478/2024-DEDI നമ്പർ കത്ത്

വിഷയം : LSGD മുൻസിപ്പാലിറ്റികൾ, കോർപ്പറേഷൻ എന്നിവിടങ്ങളിലെ H.D.V ഡ്രൈവർമാരെ നിർബന്ധിത സ്ഥലം മാറ്റത്തിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച്

സർ,

മേൽ സൂചന പ്രകാരം LSGD യിലെ എല്ലാ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പ്രിൻസിപ്പൽ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. മേൽ ഉത്തരവിൻ പ്രകാരം കേഡർ പ്രമോഷൻ നിലവിലില്ലാത്ത ഞങ്ങളുടെ തസ്തികയിൽ എൻട്രി കേഡർ ഗ്രേഡിലുള്ള പൊതു സ്ഥലം മാറ്റം ജില്ലാ തലത്തിൽ മാത്രമായി പരിമിതപ്പെടുത്തുകയും, ടി തസ്തികയിലെ മറ്റ് ഗ്രേഡുകൾ തമ്മിലുള്ള സ്ഥലം മാറ്റം സമാന ഗ്രേഡുകൾ തമ്മിൽ മാത്രമായി പരിമിതപ്പെടുത്തി സംസ്ഥാന തലത്തിൽ നടത്തുന്നതാണെന്ന് ഉത്തരവ് ആയിട്ടുള്ളതാകുന്നു. നിലവിൽ H.D.V ഡ്രൈവർ തസ്തികയിൽ സേവനം അനുഷ്ടിക്കുന്നവർ അതാത് ജില്ലകളിലോ തൊട്ടടുത്ത ജില്ലകളിലോ ഉള്ളവരാണ്. കൂടാതെ പൊതു സർവ്വീസുമായി ബന്ധപ്പെട്ട് ഏകീകരണം ഉണ്ടായപ്പോൾ LDV ഡ്രൈവർമാർക്ക് പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് ജില്ലാ പഞ്ചായത്ത് , നഗരകാര്യം , ഗ്രാമ വികസനം എന്നീ വകുപ്പുകളിലേക്ക് സ്ഥല മാറ്റത്തിന് അവസരം ലഭിച്ചിട്ടുണ്ട്. എന്നാൽ H.D.V ഡ്രൈവർമാർക്ക് ഈ വകുപ്പുകളിൽ

HDV തസ്തിക അനുവദിച്ചിട്ടില്ലാത്തിനാൽ ഈ വകുപ്പുകളിലേക്ക് സ്ഥമാറ്റത്തിന് അവസരം ലഭിച്ചില്ല. കൂടാതെ കേരളത്തിലെ 87 മുൻസിപ്പാലിറ്റികളിൽ 30 മുൻസിപ്പാലിറ്റികളിൽ മാത്രമാണ് HDV തസ്തിക അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ കോർപ്പറേഷനുകളിൽ ഒരൊറ്റ കോർപ്പറേഷനിലും HDV തസ്തിക നിലവിലില്ല.

ബഹുമാനപ്പെട്ട നഗരകാര്യ ഡയറക്ടറുടെ 22/12/2022 ഉത്തരവ് പ്രകാരം 103 HDV തസ്തികയിൽ നിന്ന് 34 തസ്തിക കുറവ് വരുത്തിയിട്ടുണ്ട്. HDV ഡ്രൈവർ തസ്തിക യുടെ ഗ്രേഡ് തിരിച്ചിട്ടുള്ള ഉത്തരവ് ഇറക്കിയിട്ടില്ലാത്തിനാൽ ഏതൊക്കെ കോർപ്പറേഷനിലും, മുൻസിപ്പാലിറ്റികളിലും ഒഴിവുണ്ടെന്ന് അറിയുവാൻ കഴിയുന്നില്ല. നഗരസഭകളിലെ അത്യാവശ്യ സർവ്വീസ് വാഹനങ്ങളായ ആംബുലൻസ് , വാട്ടർ ടാങ്കർ, സ്വീവേജ് ടാങ്കർ എന്നീ വാഹനങ്ങൾ ഓടുന്നത് HDV ഡ്രൈവർമാർ ആയതിനാൽ അതാത് നഗരസഭ പരിധിക്കുള്ളിൽ താമസിക്കുന്ന ഡ്രൈവർമാരെ നിലനിർത്തിയാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ സേവനം ഉപയോഗിക്കാവുന്നതാണ്.

കേഡർ പ്രമോഷൻ ഇല്ലാത്ത കുറഞ്ഞ വേതന വ്യവസ്ഥയിൽ സേവനം അനുഷ്ടിക്കുന്ന ഡ്രൈവർമാരെ നിർബന്ധിത സ്ഥലം മാറ്റത്തിലൂടെ ഹോം ജില്ലയിൽ നിന്ന് അന്യജില്ലകളിൽ നിയമിക്കുന്നതിലൂടെ ഞങ്ങളുടെ ജീവിത ചിലവ് വർദ്ധിക്കുന്നതിന് കാരണമാകുന്നു.

ഫീമെയിൻ അറ്റന്റന്റ്, മെയിൻ അറ്റന്റന്റ്, നൈറ്റ് വാച്ച്മാൻ എന്നീ തസ്തികകളെ സംസ്ഥാനതല സ്ഥലംമാറ്റത്തിൽ നിന്ന് ഒഴിവാക്കിയത് പോലെ HDV ഡ്രൈവർമാരെ നിർബന്ധിത സ്ഥലം മാറ്റത്തിൽ നിന്ന് ഒഴിവാക്കി അപേക്ഷ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം സ്ഥലംമാറ്റത്തിനുള്ള അവസരം നൽകണമെന്ന് അനുഭാവ പൂർവ്വം പരിഗണിക്കുന്നതിനായി സമർപ്പിക്കുന്നു.

28/03/2025

തിരുവനന്തപുരം

വിശ്വസ്തതയോടെ

(signature)

അനികുമാർ.എസ്

പ്രേഷിതൻ

വെറ്ററിനറി സർജൻ
LSGD ഡിപ്പാർട്ട്മെന്റ്

സ്വീകർത്താവ്

പ്രിൻസിപ്പൽ ഡയറക്ടർ
LSGD പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, തിരുവനന്തപുരം.

വിഷയം : പൊതുസ്ഥലംമാറ്റം - വെറ്ററിനറി സർജൻ - കരട് ലിസ്റ്റ് - 2024 - സംബന്ധിച്ച്.

സൂചന : LSGD/PD/6478/2024 - DEDI - PART-(1)

സർ,

തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലായി സേവനമനുഷ്ഠിച്ചുവരുന്ന വെറ്ററിനറി സർജന്മാരാണ് ഞങ്ങൾ. സംസ്ഥാനത്തുടനീളം ഈ കേഡറിൽ ആകെ 5 വെറ്ററിനറി സർജന്മാർ മാത്രമാണ് ഉള്ളത്. 2017 വരെ പലപ്പോഴായി PSC നിയമനങ്ങൾ നടന്നെങ്കിലും മേൽതസ്തികയിൽ ആരും ജോലിയിൽ തുടരാൻ തയ്യാറായില്ല. നിലവിൽ ഈ തസ്തികയിൽ ജോലി ചെയ്തുവരുന്ന ഞങ്ങൾ അതാത് കോർപ്പറേഷനുകളിൽ ABC പദ്ധതി, അറവുശാലകൾ, ~~എന്നിവയുടെ~~ അനിമൽ ക്രിമറ്റോറിയം, പെറ്റ്ഡോഗ് ലൈസൻസ് എന്നീ പദ്ധതികൾ ആരംഭിക്കുകയും ആയതിന്റെ ലക്ഷ്യത്തിന്റെ പുരോഗതിയിലുമാണ്. ഈ വേളയിൽ, കൂടുതൽ മുന്നേറ്റങ്ങൾ കൈവരിക്കുന്നതിനും ഈ തുടർപ്പെടൽ നടന്നുവരുന്ന ഈ വേളയിൽ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥരായ ഞങ്ങളെ തൽസ്ഥാനത്തു നിന്നും മാറ്റുന്നത് പദ്ധതിയെ ബാധിച്ചേക്കാമെന്ന് വിനയപൂർവ്വം സൂചിപ്പിച്ചു കൊള്ളട്ടെ.

നിലവിൽ ഞങ്ങൾ ജോലിചെയ്തു വരുന്ന സ്റ്റേഷനുകളിൽ തന്നെ ഞങ്ങളെ നിലനിർത്തണമെന്നും, മറ്റു സ്ഥലങ്ങളിലേക്ക് ട്രാൻസ്ഫറിൽ അവകാശവാദങ്ങൾ ഉന്നയിക്കില്ല എന്നും ഇതിനാൽ ബോധിപ്പിക്കുന്നു.

എന്ന് വിശ്വസ്തതയോടെ,

ഡോ. ശ്രീഷ്മ . വി . എസ്
(കോഴിക്കോട് കോർപ്പറേഷൻ)

ഡോ. ചിഞ്ചു ബോസ്
(കൊല്ലം കോർപ്പറേഷൻ)

ഡോ. ശ്രീരാഗ് ജയൻ കെ. എസ്
(തിരുവനന്തപുരം കോർപ്പറേഷൻ)

ഡോ. വിണ കെ. അനിരുദ്ധൻ
(തൃശൂർ കോർപ്പറേഷൻ)

ഡോ. അമ്പിളി ടി. ആർ
(കൊച്ചി കോർപ്പറേഷൻ)